(എഫ്) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിസംബന്ധിച്ച് 'റ്റി. ബി. ജി. ആർ. ഐ.' നടത്തിയ പഠനം അപര്യാപ്തമാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പ്രഖ്യാപിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) 2002 ഫെബ്രുവരി 6-ന് നടത്തിയ പൊതുതെളിവെടുപ്പിലെ പാനൽ നിർദ്ദിഷ്ട പദ്ധതിപ്രദേശത്ത് വിശദമായ പരിസ്ഥിതി ആഘാതപഠനം നടത്തണമെന്നും അതിന്റെ എക്സിക്യൂട്ടീവ് സമ്മറി ജനങ്ങൾക്ക് ലഭ്യമാക്കിയതിനുശേഷം ജനസമ്പർക്കപരിപാടി നടത്തണമെന്നും ശുപാർശ ചെയ്തു. ഇതിൻപ്രകാരം വിശദമായ പരിസ്ഥിതി ആഘാതപഠനം നടത്തുകയും ഇതിന്റെ റിപ്പോർട്ട് 7-8-2003-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ ശുപാർശകളെ സംബന്ധിച്ച റിപ്പോർട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും 10-2-2005-ൽ പരിസ്ഥിതിക്കുള്ള അനുമതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകുകയുമുണ്ടായി.

(എച്ച്) ഉണ്ട്. WAPCOS കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനമായതിനാലാണ് പ്രസ്തുത ഏജൻസിയെ വിശദമായ പരിസ്ഥിതി ആഘാതപഠനം നടത്തുവാൻ തിരഞ്ഞെടുത്തത്. പ്രസ്തുത ഏജൻസി സമർപ്പിച്ച റിപ്പോർട്ടിൽ വിശദമായ എൻവയോൺമെന്റൽ മാനേജ്മെന്റ് പ്ലാനും എൻവയോൺമെന്റൽ മോണിറ്ററിംഗ് പ്രോഗ്രാമും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഐ) ചാലക്കുടി നദീതടത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾ പരമാവധി സംരക്ഷിച്ചുകൊണ്ട് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ചെറുകിട ജലവൈദ്യുത പദ്ധതികൾ

219 [1161] *ശ്രീ. തോമസ് ചാഴികാടൻ:*

„ *റോഷി അഗസ്റ്റിൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർഷകാലത്ത് ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഏറ്റവും കൂടുതൽ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്ന ചെറുകിട ജലവൈദ്യുതപദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വർഷകാലത്ത് കേരളത്തിൽ അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; എങ്കിൽ എത്ര യൂണിറ്റ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടെന്ന് അറിയിക്കാമോ;

(ഡി) അധികമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഇതര സംസ്ഥാനങ്ങൾക്ക് വിറ്റ് കെ. എസ്. ഇ. ബി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

GPM. 2/567/2012—32

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30.60 മെഗാവാട്ട്.

(ബി) കല്ലട ജലവൈദ്യുത പദ്ധതി.

(സി) ഉണ്ട്. 5.7 ദശലക്ഷം യൂണിറ്റ്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ പവർ ട്രേഡിംഗ് കോർപ്പറേഷൻ, എൻ. ടി. പി. സി. വിദ്യുത് വ്യാപാർനിഗം എന്നീ സ്ഥാപനങ്ങൾവഴി അധിക വൈദ്യുതി വിൽക്കുന്നുണ്ട്.

വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ

220 [1162] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കളത്തൂർ, നന്മണ്ട, പനങ്ങാട്, ബാലുശ്ശേരി, ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ ഓരോന്നിലും വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ എത്രയുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ട്രാൻസ്ഫോർമറുകളുടെ അഭാവംമൂലം പുതിയ കണക്ഷൻ നൽകുന്നതിന് പ്രസ്തുത പഞ്ചായത്തുകളിൽ തടസ്സമാകുന്നുണ്ടോ; എങ്കിൽ ഇതിനുള്ള പരിഹാരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)

പഞ്ചായത്ത്	*അപേക്ഷയുടെ എണ്ണം*
ഏലത്തൂർ	27
തലക്കളത്തൂർ	106
നന്മണ്ട	334
പനങ്ങാട്	308
ബാലുശ്ശേരി	391
ഉള്ളിയേരി	216
അത്തോളി	138

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly